"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 07-01-2022

**സർക്കുലർ നം 1**

സൂചന:- 1) സർക്കുലർ നം. 14, തീയതി 09-03-2020
2) സർക്കുലർ നം. 40, തീയതി 10-05-2020
3) സർക്കുലർ നം. 41, തീയതി 14-05-2020
4) സർക്കുലർ നം. 45, തീയതി 20-05-2020
5) സർക്കുലർ നം. 46, തീയതി 20-05-2020

ജയിൽ സ്ഥാപനങ്ങളിൽ കോവിഡ് 19 രോഗ വ്യാപനം തടയുന്നതിനായി കഴിഞ്ഞ രണ്ടു വർഷ കാലത്തിനിടയിൽ വ്യക്തമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും അടങ്ങുന്ന സർക്കുലറുകൾ ജയിൽ വകുപ്പ് അദ്ധ്യക്ഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചനയിലെ സർക്കുലറുകൾ ഓരോന്നും ജയിലുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളും ജയിൽ സ്ഥാപനങ്ങളുടെ പ്രത്യേകത മുൻനിർത്തി സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും ബഹു. സുപ്രീം കോടതി, ഹൈക്കോടതി, ലോകാരോഗ്യ സംഘടന, ICMR എന്നീ സ്ഥാപനങ്ങളുടെ ഉത്തരവുകളും പാലിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ളവയായിരുന്നു.

കോവിഡ് 19 ന്റെ പുതിയ വകഭേദമായ ഒമിക്രോണിന്റെ വേഗതയാർന്ന വ്യാപനം മുമ്പ് നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങളും നടപടികളും കൂടുതൽ ഗൗരവത്തോടെ നടപ്പാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. കോവിഡ് ഫസ്റ്റ് ലൈൻ വർക്കേഴ്സ് എന്നുള്ള മുൻഗണന മൂലം ജയിൽ ജീവനക്കാർക്ക് ബൂസ്റ്റർ ഡോഡ് സഹിതം വാക്സിനേഷൻ നടത്താൻ സാധിച്ചിട്ടുണ്ടെങ്കിലും ആരോഗ്യ വകുപ്പും സർക്കാരും നിർദ്ദേശിക്കുന്ന എല്ലാ ഉത്തരവുകളും പാലിക്കണമെന്ന് എല്ലാ ജയിൽ ഉദ്യോഗസ്ഥരെയും വീണ്ടും ഓർമ്മിപ്പിക്കുന്നു.

1) മേൽ സൂചനയിലെ സർക്കുലർ നം. 14 –ലും 40 –ലും 41- ലും നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും രോഗ വ്യാപനത്തിന്റെ ആദ്യഘട്ടത്തിലും രണ്ടാം ഘട്ടത്തിലും സ്വീകരിച്ച എല്ലാ മുൻകരുതലുകളും യുദ്ധകാല അടിസ്ഥാനത്തിൽ ആവർത്തിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നു.

2) ജയിലിനുള്ളിൽ മാസ്കുകളുടെ ഉപയോഗം, സോപ്പ് ലായിനി ഉപയോഗിച്ചുള്ള കൈ വൃത്തിയാക്കൽ, പരമാവധി സാമൂഹിക അകലം പാലിച്ചുള്ള ഇടപഴകലുകൾ എന്നിവ കർശനമായി നടപ്പിലാക്കേണ്ടതാണ്.

3) എല്ലാ ഉദ്യോഗസ്ഥരും തടവുകാരുടെ രോഗലക്ഷണം സംബന്ധിച്ച് നിരീക്ഷണം നടത്തുകയും ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങളുടെ മേൽ ആരോഗ്യ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

4) എല്ലാ ഉദ്യോഗസ്ഥരും കോവിഡ് വാക്സിനേഷന്റെ മൂന്നാം ഡോസ് ലഭ്യമാകുന്ന മുറയ്ക്ക് തന്നെ സ്വീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) തടവുകാർക്ക് ആവശ്യമുള്ള മാസ്ക് അതാത് സ്ഥാപനങ്ങളിൽ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.

6) ജയിലിൽ ഡ്യൂട്ടി നോക്കുന്ന ജയിൽ ഉദ്യോഗസ്ഥർ പൊതു ഇടങ്ങളിലും പൊതു പരിപാടികളിലും ഇടപഴകുന്നതിൽ സ്വയം നിയന്ത്രണം പുലർത്തേണ്ടതും രോഗബാധയുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

7) തടവുകാരുടെ വാക്സിനേഷൻ എല്ലാ സൂപ്രണ്ടുമാരും പ്രത്യേകമായി മോണിറ്റർ ചെയ്യേണ്ടതും നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, ഇത് സംബന്ധിച്ച പുരോഗതി എല്ലാ ശനിയാഴ്ചയും ഹെഡ് ക്വാർട്ടേഴ്സിൽ അറിയിക്കേണ്ടതുമാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖല.